**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3281** **13-07-2022 - ൽ മറുപടിയ്ക്ക്**

**ഒറ്റ തണ്ടപ്പേർ സംവിധാനം കൊണ്ടുള്ള നേട്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സാങ്കേതികവിദ്യാധിഷ്ഠിതമായി റവന്യൂ സേവനങ്ങൾ ആധുനികീകരിക്കുന്നതിന്റെ ഭാഗമായി ഒറ്റ തണ്ടപ്പേർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഈ പദ്ധതി കൊണ്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണ്; | (എ) | ReLIS സോഫ്റ്റ് വെയറിൽ യുണീക്ക് തണ്ടപ്പേർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി കൊണ്ടുള്ള നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. സംസ്ഥാനത്തെ ഏതൊരു വ്യക്തിയുടെയും ഭൂമി സംബന്ധിച്ച വിവരങ്ങൾ ആധാർ അധിഷ്ഠിതമായി ഒറ്റ നമ്പറിനാൽ രേഖപ്പെടുത്താൻ കഴിയുന്നതാണ്.<br><br>2. ഒരു ഭൂവുടമയ്ക്ക് സംസ്ഥാനത്തെ ഏത് വില്ലേജിലുമുള്ള ഭൂമിയുടെയും വിവരങ്ങൾ ഒറ്റ തണ്ടപ്പേർ നമ്പരിൽ ലഭ്യമാകും.<br><br>3 മിച്ചഭൂമി കണ്ടെത്തുവാൻ സഹായകമാകും.<br><br>4. ഭൂരേഖകളിൽ കൃത്യത കൈവരിക്കുന്നതിന് സാധിക്കും.<br><br>5. ഭൂസംബന്ധമായ ഇടപാടുകൾ സുഗമമാക്കുന്നതിനും ക്രയവിക്രയങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും സാധിക്കും.<br><br>6. ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ, ബിനാമി ഇടപാടുകൾ എന്നിവ നിയന്ത്രിക്കുന്നതിന് സാധിക്കും.<br><br>7. വസ്തു വിവരം മറച്ച് വെച്ച് ആനുകൂല്യങ്ങൾ നേടുന്നത് തടയുവാൻ സാധിക്കും.<br><br>8.വിള ഇൻഷ്വറൻസിനും മറ്റ് കാർഷിക സബ്സിഡികൾക്കും ഭൂവിവരങ്ങൾ ഉപയോഗിക്കുവാൻ സാധിക്കും.<br><br>9. റവന്യൂ റിക്കവറി നടപടികൾ കാര്യക്ഷമമാക്കുവാൻ സാധിക്കും. |

| | | | |
|---|---|---|---|
| | | | 10. ഉണഭോക്താക്കൾക്ക് മികച്ച ഓൺലൈൻ സേവനം പ്രദാനം ചെയ്യാൻ സാധിക്കും.<br><br>11. ഭൂമിയുമായി ബന്ധപ്പെട്ട വിവരങ്ങളും നികുതി രസീതും ഡിജിലോക്കറിൽ സൂക്ഷിക്കാൻ സാധിക്കും. |
| (ബി) | നിലവിലുള്ള വസ്തു ഉടമകൾ ഒറ്റ തണ്ടപ്പേർ സമ്പ്രദായത്തിലേക്ക് മാറ്റേണ്ടതുണ്ടോ; എങ്കിൽ അതിനായുള്ള നടപടിക്രമങ്ങൾ അറിയിക്കാമോ; | (ബി) | സ്വമേധയായുള്ള എൻറോൾമെന്റ് ആണ് ഉദ്ദേശിക്കുന്നത്. റവന്യൂ വകുപ്പിന്റെ ReLIS എന്ന സോഫ്റ്റ് വെയറിൽ യുണീക്ക് തണ്ടപ്പേർ സംവിധാനം നടപ്പിലാക്കുന്നതിനുള്ള Module വികസിപ്പിച്ചിട്ടുള്ളതും എല്ലാ വില്ലേജാഫീസുകളിലും ബയോമെടിക് വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ബയോമെടിക് ഡിവൈസ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ട് വരുന്നതുമാണ്. ആധാറുമായി ലിങ്ക് ചെയ്തിട്ടുള്ള മൊബൈലിലൂടെ ലഭ്യമാകുന്ന OTP ഉപയോഗിച്ച് ഓൺലൈനായോ, വില്ലേജ് ഓഫീസിൽ നേരിട്ട് എത്തി OTP മുഖാന്തിരമോ, ബയോമെടിക് സംവിധാനത്തിൽ വിരലടയാളം പതിപ്പിച്ചോ പൊതുജനങ്ങൾക്ക് തണ്ടപ്പേരിനെ ആധാറുമായി ബന്ധിപ്പിക്കാവുന്ന രീതിയിലാണ് ഇത് വിഭാവനം ചെയ്തിട്ടുള്ളത്. ബന്ധപ്പെട്ട വില്ലേജാഫീസർ ആയത് പരിശോധിച്ച് അംഗീകരിക്കുന്ന മുറയ്ക്ക് യുണീക്ക് തണ്ടപ്പേർ നമ്പർ ലഭിക്കുന്നതും ഭൂമിയുടെ വിവരങ്ങൾ ഈ നമ്പരിൽ ബന്ധിപ്പിക്കുന്നതുമാണ്. |
| (സി) | ഭൂമി കൈമാറ്റത്തിന് ഏർപ്പെടുത്തിയിട്ടുള്ള റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റത്തിൽ ഇതിനായി വേണ്ട മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; രജിസ്ട്രേഷൻ വകുപ്പിലെ സോഫ്റ്റ് വെയറുമായി റെലിസ് ബന്ധിപ്പിച്ച് ഓൺലൈൻ പോക്കുവരവ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടോ? | (സി) | ഭൂമി കൈമാറ്റത്തിന് ഏർപ്പെടുത്തിയിട്ടുള്ള റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റത്തിൽ ഇതിനായി വേണ്ട ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിലെ സോഫ്റ്റ് വെയറുമായി റെലിസ് ബന്ധിപ്പിച്ച് ഓൺലൈൻ പോക്കുവരവ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ